പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 8272 — 25.07.2012- ൽ മറുപടി നൽകേണ്ടിയിരുന്നത്

## ആരോഗ്യ വകുപ്പിലെ ജൂനിയർ ഹെൽത്ത് അസിസ്റ്റന്റ് റേഷ്യോ പ്രൊമോഷൻ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ആർ. രാജേഷ് | ശ്രീ. വി.എസ്.ശിവകുമാർ (ആരോഗ്യവും, കുടുംബക്ഷേമവും, ദേവസ്വവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ) | ആരോഗ്യ വകുപ്പിലെ ജൂനിയർ ഹെൽത്ത് അസിസ്റ്റന്റ് റേഷ്യോ പ്രൊമോഷൻ നിലവിൽ ഉണ്ടോ; ഇതിന്റെ അടിസ്ഥാനപരമായ മാനദണ്ഡം എന്താണ് ; എങ്കിൽ ബന്ധപ്പെട്ട സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ; | (എ) | ആരോഗ്യ വകുപ്പിൽ ജൂനിയർ ഹെൽത്ത് അസിസ്റ്റന്റ് തസ്തിക നിലവില്ല. പകരം ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയാണ് നിലവിലുള്ളത്. പ്രസ്തുത തസ്തികയ്ക്ക് റേഷ്യോ പ്രമോഷൻ നിലവിലുണ്ട്. ബന്ധപ്പെട്ട ഉത്തരവിന്റെ പകർപ്പ് അനുബന്ധം I ആയി ചേർക്കുന്നു. |
| ബി) | 2012 ജൂലൈയിൽ നടന്ന റേഷ്യോ പ്രൊമോഷനിൽ എത്ര പേർക്കാണ് പ്രൊമോഷൻ നൽകിയിട്ടുള്ളത്; | ബി) | 287 പേർക്ക് |
| സി) | എത്ര ഒഴിവ് സംസ്ഥാന വ്യാപകമായി നിലവിൽ ഉണ്ട്; നിലവിലുള്ള മുഴുവൻ ഒഴിവിലേക്കും പ്രൊമോഷൻ നൽകി യിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ; എല്ലാ ഒഴിവിലേക്കും പ്രൊമോഷൻ വഴി ഒഴിവുകൾ നികത്താൻ നടപടി സ്വീകരിക്കുമോ; | സി) | ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II ന്റെ 637 ഒഴിവുകൾ നിലവിൽ ഉണ്ട്. അതിൽ 287 പേർക്ക് പ്രമോഷൻ നൽകി. ഓരോ ജില്ലയിലെയും ഒഴിവുകൾക്കനുസൃതമായി ജെ.എച്ച്.ഐ. മാർ പ്രമോഷൻ ആകുന്നില്ല.ജെ.എച്ച്.ഐ ഗ്രേഡ് II, ഗ്രേഡ് I, തസ്തിക ഇന്റർ ചേഞ്ചബിളാകുന്ന മുറയ്ക്ക് മുഴുവൻ ഒഴിവുകളിലേക്കും പ്രമോഷൻ നടക്കുന്നതാണ്. |
| ഡി) | റേഷ്യോ പ്രൊമോഷന്റെ ഭാഗമായി നിലവിൽ ഗ്രേഡ് I തസ്തികയിൽ ജോലി ചെയ്യുന്ന എത്ര ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാർക്കാണ് അന്തർ ജില്ലാ സ്ഥലംമാറ്റം നൽകി യത് ; ഇതിനായി സ്വീകരിച്ച മാനദണ്ഡം എന്താണ് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ; | ഡി) | 139 പേർക്ക്. 1:1 റേഷ്യോ പ്രമോഷൻ നടക്കുമ്പോൾ ഓരോ ജില്ലയിലും അധികമായി ഉണ്ടാകുന്ന ഒഴിവി ലേക്ക് നിലവിൽ ജെ.എച്ച്.ഐ ഗ്രേഡ്-1 ആയവർക്ക് അവർ ആവശ്യപ്പെട്ട ജില്ലയിലേക്ക് വ്യക്തമായും ശരിയായ രീതിയിലും |

| | | | |
|---|---|---|---|
| | | | അപേക്ഷ സമർപ്പിച്ചവർക്ക് സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ സ്ഥലം മാറ്റം നൽകിയിട്ടുണ്ട്. |
| ഇ) | റേഷ്യോ പ്രമോഷനോട് അനുബന്ധിച്ച് നടന്ന അന്തർ ജില്ലാ സ്ഥലംമാറ്റത്തിൽ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; ഗ്രേഡ് തിരിച്ചുള്ള അപേക്ഷകന്റെ പേരും സർവ്വീസ് ദൈർഘ്യവും ഉൾപ്പെടെ പൂർണ്ണ വിവരം ലഭ്യമാക്കുമോ ; | ഇ) | 189 അപേക്ഷകൾ ലഭിച്ചു. വിശദ വിവരം അനുബന്ധം-II ആയി ചേർക്കുന്നു. |
| എഫ്) | ഏതെങ്കിലും അപേക്ഷകരെ അന്തർജില്ലാ സ്ഥലംമാറ്റത്തിൽ നിന്ന് അർഹരായിട്ടുകൂടി ഒഴിവാക്കി യിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത അപേക്ഷകരുടെ പേരുവിവരവും ഒഴിവാക്കിയതിന്റെ കാരണവും വ്യക്തമാക്കുമോ; | എഫ്) | ഉണ്ട്. ആലപ്പുഴ ചെറുതന പി.എച്ച്. സി. യിലെ ജെ.എച്ച്.ഐ. ഗ്രേഡ് I, ശ്രീ. പ്രസാദ്. കെ യുടെ കൊല്ലം ജില്ലയിലേക്കുള്ള അപേക്ഷയാണ് ഒഴിവാക്കപ്പെട്ടത്. പ്രസ്തുത അപേക്ഷ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടാത്ത തിനാൽ പരിഗണിച്ചില്ല. എന്നാൽ സ്ഥലംമാറ്റവും സ്ഥാന ക്കയറ്റവും നടപ്പാക്കിയ ഉത്തരവ് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ സ്റ്റേ ചെയ്ത സാഹചര്യ ത്തിൽ ആരുടേയും സ്ഥലംമാറ്റം /സ്ഥാനക്കയറ്റം നടപ്പാക്കിയിരുന്നില്ല. |
| ജി) | റേഷ്യോ പ്രൊമോഷനുമായി ബന്ധപ്പെട്ട് നടന്ന അന്തർ ജില്ലാ സ്ഥലംമാറ്റത്തിന്മേൽ എത്ര അപ്പീലുകൾ ലഭിച്ചിട്ടുണ്ട്; ഈ അപ്പീലിന്മേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ; | ജി) | 27 അപ്പീൽ ലഭിച്ചു. ഇത് സംബന്ധിച്ച് കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ കേസ് നിലനിൽക്കുന്നതിനാൽ കേസിന്റെ വിധി വന്നതിനുശേഷമേ നടപടികൾ തുടരാൻ കഴിയൂ. |
| എച്ച്) | റേഷ്യോ പ്രമോഷൻ ലഭിച്ച എത്ര ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാർക്ക് മൾട്ടിപർപ്പസ് ഇൻസർവ്വീസ് ട്രെയിനിംഗ് ലഭിച്ചിട്ടുണ്ട്; വിശദമാക്കുമോ ? | എച്ച്) | 285 പേർക്ക് മൾട്ടിപർപ്പസ് ഇൻസർവീസ് ട്രെയിനിംഗ് ലഭിച്ചിട്ടുണ്ട്. |

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**

സെക്ഷൻ ഓഫീസർ